II ഇ.ബി. XIകേരള നിയമസഭ/IV20

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 15, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

152 (*454) കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള കർഷകർക്ക് സ്ഥിരം പട്ടയം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 4071 പേർക്ക് പാട്ടം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജില്ല തിരിച്ചുള്ള കണക്ക് താഴെപറയുന്നു:

തിരുവനന്തപുരം – 1061, കൊല്ലം – 809, പത്തനംതിട്ട – 810
ആലപ്പുഴ – 9, ഇടുക്കി – 797, കോട്ടയം – 247, എറണാകുളം– 338.

പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പുതുക്കുന്നതിന് അപേക്ഷ നൽകിയാൽ ചട്ടങ്ങൾക്ക് വിധേയമായി പുതുക്കി നൽകാറുണ്ട്. കാലാവധി കഴിഞ്ഞതും പുതുക്കുന്നതിന് അപേക്ഷ നൽകാത്തതുമായ കേസുകളിൽ പാട്ടം റദ്ദാക്കി ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരഭൂമിക്ക് ഏക്കറിന് 250 രൂപയും ഒരുപൂ നിലമാണെങ്കിൽ 150 രൂപയും ഇരുപൂ നിലമാണെങ്കിൽ 225 രൂപയുമാണ് പാട്ടത്തുകയായി നിശ്ചയിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിൽ വാണിജ്യ കാര്യങ്ങൾക്ക് കമ്പോളവിലയുടെ 20 ശതമാനവും വാണിജ്യേതര കാര്യങ്ങൾക്ക് കമ്പോളവിലയുടെ 10 ശതമാനവുമാണ്. ഈ തുക വളരെ കൂടു തലാണ്. അതുകൊണ്ട് തുക കൂടുതലുള്ള സ്ഥലങ്ങളിൽ അത് കുറയ്ക്കുകയും കുറഞ്ഞവ കൂട്ടുകയും ചെയ്തുകൊണ്ട് സ്ട്രീം ലൈൻ ചെയ്യാനാണ് ഗവൺമെന്റ്

തീരുമാനിച്ചിരി ക്കുന്നത്. ഇക്കാര്യം ക്യാബിനറ്റ് സബ് കമ്മിറ്റി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. പാട്ടത്തുക കൊടുക്കുന്നതിൽ നിന്ന് ഒരു വിഭാഗത്തെയും ഒഴിവാക്കുകയില്ല. കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള 280 കർഷകർ സ്ഥിരം പട്ടയം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. വനഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയാലേ പട്ടയം കൊടുക്കാൻ സാധിക്കുകയുള്ളൂ.. റവന്യൂ ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് താലൂക്ക് അസൈൻമെന്റ് കമ്മിറ്റി പരിശോധിച്ച് തീർപ്പ് കല്പിച്ചാൽ പട്ടയം കൊടുക്കുന്നതിൽ ബുദ്ധിമുട്ടില്ല. ലാൻഡ് *ട്രൈബ്യൂണലിന്റെ* പരിഗണനയിലിരിക്കുന്ന കേസുകളിൽ എത്രയും വേഗം തീർപ്പ് കല്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരി ക്കുകയാണ്. സി.എച്ച്.ആർ. ഭൂമിയുടെ കുത്തകപ്പാട്ടം പുതുക്കുന്നതിന് ഹൈക്കോടതി ഉത്തരവുപ്രകാരം ഇപ്പോൾ സാദ്ധ്യമല്ല. സി.എച്ച്.ആർ. ഭൂമി വെട്ടിത്തെളിച്ച് മറ്റ് കൃഷിക്ക് ഉപയോഗിക്കുകയാ ണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി പട്ടയം കൊടുക്കാം. ഏലക്കൃഷിക്കാ ണെങ്കിൽ കാർഡമം റൂൾ അനുസരിച്ച് ലീസിന് കൊടുക്കാനേ സാധിക്കുകയുള്ളൂവെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

153(*455 ) <u>ലക്ഷം വീടുകളുടെ ശോച്യാവസ്ഥ</u>

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.. ലക്ഷംവീട് കോളനികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും പഴകിയ വീടുകൾക്കുപകരം പുതിയ വീടുകൾ വച്ചു കൊടുക്കുന്നതും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നതാണ്. ലക്ഷം വീടുകളുടെ നവീകരണത്തിനും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ വീടുകൾ വച്ചുകൊടുക്കുന്നതിനും മുൻഗണന നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ വിഹിതത്തിൽനിന്നും മുൻഗണനാടിസ്ഥാനത്തിൽ പണം ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം പത്താം പഞ്ചവൽസര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ രേഖകളിൽ ഉൾപ്പെടുത്തുവാൻ 10-7-2002-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് വീടുകളുടെ പുനർനിർമ്മാണത്തിന് 35,000 രൂപയും മെയിന്റനൻസിന് 7,500 രൂപയുംനൽകുന്നതാണ്. ലക്ഷം വീടുകളുടെ പുനർനിർമ്മാണവും മെയിന്റനൻസും കുടുംബശ്രീ പദ്ധതിയിലൂടെ നടത്താനാണ് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുള്ളത്. ലക്ഷം വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാദേശികമായ വികസന പ്രവർത്തന ങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടത്തണമെന്നതാണ് ഗവൺമെന്റിന്റെ നടപടി ക്രമം. ഈ പദ്ധതികൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനം നിലവിലുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഒരു പരിപാടി തയ്യാറാക്കി അടുത്ത വർഷത്തെ ബഡ്ജറ്റിൽ അവതരിപ്പി ക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ അറിയിച്ചു.

154 (*456) <u>സ്വകാര്യ പങ്കാളിത്തത്തോടെ സാങ്കേതിക സർവകലാശാല ആരംഭിക്കാൻ നടപടി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ലോകബാങ്കിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതാനും എൻജിനിയറിംഗ് കോളേജുകൾക്കും പോളി ടെക്നിക്കുകൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ കോളേജുകളെ ബന്ധപ്പെടുത്തുന്ന ഇൻഫർമേഷൻ ടെക്നോളജി എഡ്യൂക്കേഷൻ ഗ്രിഡ് നടപ്പിലാക്കാനുള്ള നടപടികളും ഇ–ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പല മേഖലകളിലേയും പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. മെച്ചപ്പെട്ട എഞ്ചിനിയറിംഗ് കോളേജുകൾക്ക് അക്കാഡമിക് ആട്ടോണമി അനുവദിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പോളിടെക്നിക്കുകളിലും ഇതര സ്ഥാപനങ്ങളിലുമായി നടത്തി വരുന്ന ഡിപ്ലോമാ പരീക്ഷകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണ നടപടികളും ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും സംസ്ഥാനത്തെ കുട്ടികൾ അന്യസംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന അവസ്ഥയും അതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടവും കണക്കിലെടുത്തുകൊണ്ടാണ് സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സാങ്കേതിക സർവകലാശാല ആരംഭിക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ ഒരു അക്രെഡിറ്റേഷൻ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ അംഗീകാരം തടഞ്ഞുവച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ നടത്തിവരുന്നുവെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

155 (*457) <u>ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ</u>

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം എന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ പുതുതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 67

വകുപ്പുകളിൽ ഉൾപ്പെടുന്ന റവന്യൂ, പഞ്ചായത്ത്, സഹകരണം, പോലീസ്, ഗ്രാമവികസനം, സാമൂഹ്യക്ഷേമം എന്നീ ആറു വകുപ്പുകളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്കു നൽകിയിട്ടുള്ള പരിരക്ഷ നിലനിർത്തിക്കൊണ്ട് 2002 നവംബർ ഒന്നിന് മുമ്പ് 100 ശതമാനം ഭാഷാമാറ്റം കൈവരിക്കത്തക്കവിധം ഒരു തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രത്തിൽ നടന്നുവരുന്ന ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി ഐ.എം.ജി.യുടെ കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽകൂടി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. ആഫീസുകളിൽ മലയാളം ഭരണഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ, ഓംബുഡ്സ്മാൻ, വനിതാ കമ്മിഷൻ, ലോകായുക്ത, മനുഷ്യാവകാശ കമ്മിഷൻ എന്നിവയുടെ ഔദ്യോഗിക ഭാഷയും വ്യവഹാര ഭാഷയും മലയാളമാക്കുന്നതു സംബന്ധിച്ച് ബന്ധപ്പട്ട അധികാരികളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. സർക്കാർ തലത്തിൽ എല്ലാ വർഷവും നവംബർ–1 മലയാള ദിനമായും നവംബർ ഒന്നുമുതൽ ഏഴു വരെയുള്ള തീയതികൾ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഭരണഭാഷാ മാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പട്ടവർ ഉറപ്പു വരുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക ഭാഷ മലയാളമാക്കിയിട്ടുള്ള വകുപ്പുകളിലെ താലൂക്കുതല ആഫീസുകളിൽ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുകയും ഭാഷാമാറ്റത്തിന് സഹായകമായ വിധത്തിൽ അനുബന്ധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ക്ലാസ്–3 വിഭാഗത്തിൽപ്പെട്ട ഒരു ക്ലറിക്കൽ ഉദ്യോഗസ്ഥന് അംഗീകാരമെന്ന നിലയിൽ ഗുഡ് സർവീസ് എൻട്രി നൽകുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സാങ്കേതികമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

156(*460) <u>സെക്കണ്ടറി തലത്തിൽ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിന് പദ്ധതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സെക്കണ്ടറി തലത്തിൽ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിന് ഉദ്ദേശിച്ചു നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം. ക്ലാസ് റൂം ബോധനം മെച്ചപ്പെടുത്തുകയും അതുവഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുകയും ചെയ്യുന്നതിനുവേണ്ടി അദ്ധ്യാപകർക്ക് കണ്ടന്റ് ബേയ്സ് ആയും നൂതന പഠന ബോധന തന്ത്രങ്ങൾ അടിസ്ഥാനമാക്കിയും ബൃഹത്തായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ടെന്ന് അറിയിച്ചു. ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിക്കുവേണ്ടി ഇതിനോടകം 563.10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

157(*466) <u>സീ-ഡിറ്റിന്റെ പ്രവർത്തനങ്ങൾ</u>

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വീഡിയോ ചിത്ര നിർമ്മാണം, ഹോളോഗ്രാഫി, സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും വ്യാവസായിക അടിസ്ഥാനത്തിലുള്ള ഹോളോഗ്രാം നിർമ്മാണം, സോഫ്റ്റ് വെയർ രംഗത്ത് ഗവേഷണവും വികസനവും, വെബ് ഡിസൈനിംഗ്, വെബ് ഹോസ്റ്റിംഗ്, കമ്പ്യൂട്ടർ ആനിമേഷൻ മേഖലയിൽ ഗവേഷണവും വികസനവും, ഇ-ഗവേണൻസ്, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം വികസനം, സി.ഡി. റോമുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് സീ-ഡിറ്റ് നടത്തുന്നതെന്ന് അറിയിച്ചു. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഹോളോഗ്രാഫി, വീഡിയോ ഫിലിം ഉപകരണങ്ങൾ, ഇമേജിംഗ് ടെക്നോളജി എന്നീ മേഖലകളിൽ ഗവേഷണവും നടത്തുന്നുണ്ട്.

158 (*467) <u>എസ്. സി. ഇ. ആർ. ടി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള പാഠ്യപദ്ധതി രൂപീകരണവും പരിഷ്ക്കരണവും, പ്രീ-പ്രൈമറി ടീച്ചർ എഡ്യൂക്കേഷൻ പാഠ്യപദ്ധതി, ടി.ടി.സി. പാഠ്യപദ്ധതി തുടങ്ങിയവയുടെ രൂപീകരണവും പരിഷ്ക്കരണവും, സ്ക്കൂൾ തലത്തിലുള്ള പാഠപുസ്തക നിർമ്മാണം, എല്ലാ തലത്തിലുമുള്ള അദ്ധ്യാപക പരിശീലനം, ഗുണപരമായ മാറ്റങ്ങൾ കണ്ടെത്തുന്നതിനു വേണ്ടിയുള്ള ക്രിയാത്മക ഗവേഷണ പരിപാടികൾ എന്നീ പരിപാടികൾ ) എന്നിവ എസ്. സി. ഇ. ആർ. ടി നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

159 (2915, 2916) <u>മതികെട്ടാനിലെ കയ്യേറ്റം</u>

1966-1969 കാലഘട്ടത്തിലാണ് മതികെട്ടാനിൽ അനധികൃത കയ്യേറ്റം ആദ്യമായി ഉണ്ടായത്. തുടർന്ന് 1996-ലും 2001 ഒക്ടോബറിലും വ്യാപകമായ രീതിയിൽ ഭൂമി കയ്യേറ്റം നടത്തി അനധികൃതമായി കുടിയേറിപ്പാർത്തിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. എല്ലാ അനധികൃത കയ്യേറ്റക്കാരേയും ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്. വ്യാജപട്ടയങ്ങളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുവാൻ തീരുമാനമായിട്ടുണ്ട്. മതികെട്ടാൻ മേഖലയിലെ

സർവ്വേ റിക്കാർഡുകൾ ശരിയാക്കുന്നതിനുള്ള നടപടികൾ ഇടുക്കി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

160 (2937) <u>ഭവന നിർമ്മാണത്തിന് അനുവദിച്ചതിൽ വകമാറി ചെലവഴിച്ച തുക</u>

മുൻ ഗവൺമെന്റിന്റെ കാലത്ത് ഹഡ്കോയിൽ നിന്നും മൈത്രീ ഭവന നിർമ്മാണ പദ്ധതിക്കു വേണ്ടി 712 കോടി രൂപ വായ്പ എടുത്തതിൽ 275 കോടി രൂപയും ആന്വിറ്റി ഡെപ്പോസിറ്റായി ലഭിച്ച 217 കോടി രൂപയും ഉൾപ്പെടെ 492 കോടി രൂപ വകമാറ്റി ചെലവഴിച്ചു.

161 (2940, 2941) <u>നബാർഡിൽ നിന്നും ലഭിച്ച ധനസഹായം</u>

2001–2002 സാമ്പത്തിക വർഷത്തിൽ നബാർഡിൽ നിന്നും 92.94 കോടി രൂപ ധനസഹായ (വായ്പ) മായി ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 32 പാലങ്ങളുടേയും 15 റോഡുകളുടേയും നിർമ്മാണ പദ്ധതികളാണ് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നത്. ഇതിനായി മൊത്തം 99.97 കോടി രൂപയാണ് സഹായമായി പ്രതീക്ഷിക്കുന്നത്.

.........